# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ജനുവരി 22, വ്യാഴം

**നമ്പർ 195**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചരമോപചാരം :

മുൻ മന്ത്രിമാരായ വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ആർ. രഘുചന്ദ്രബാൽ, മുൻ എം.എൽ.എ. മാരായ ബാബു എം. പാലിശ്ശേരി, കെ. കെ. നാരായണൻ, പി. എം. മാത്യു, മുൻ രാജ്യസഭാ എം.പി. യായ തോമസ് കുതിരവട്ടം എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർപേഴ്സൺമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദേശം ചെയ്തു.

1. ശ്രീമതി ശാന്തകുമാരി കെ.
2. ശ്രീമതി ഒ.എസ് അംബിക
3. ശ്രീമതി ഉമ തോമസ്

(സഭാ നടപടികളുമായി സഹകരിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് അറിയിച്ചതിനെ തുടർന്ന് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ചെയർ അടുത്ത നടപടിയിലേക്ക് കടന്നു.)

ശ്രദ്ധ ക്ഷണിക്കൽ :

മഹാത്മാഗാന്ധിയുടെ പേര് ഒഴിവാക്കി, പദ്ധതിയുടെ അന്ത:സത്ത തകർക്കുന്ന തരത്തിൽ പരിഷ്കരിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനങ്ങളുടെ മേൽ കടുത്ത സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുന്നതിനെതിരെ കേന്ദ്രസർക്കാറിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സി. കെ. ഹരീന്ദ്രൻ തദ്ദേശ സ്വയംഭരണ-

എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നതിനാൽ കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ഇ. ചന്ദ്രശേഖരൻ | എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നത് സംബന്ധിച്ച് | ധനകാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. കെ. രാമചന്ദ്രൻ | ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി | വൈദ്യുതി വകുപ്പുമന്ത്രി |
| 3. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അധ്യാപക നിയമനം | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. ടി. എ. റഹീം | മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത -ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന മേശപ്പുറത്ത് വച്ചു

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ പത്തൊമ്പതാം റിപ്പോർട്ട് സമർപ്പിച്ചു.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച :</u>

2026 ജനുവരി 20-ന് ഗവർണ്ണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു.

"2026 ജനുവരി 20-ന് ബഹു. ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹു. ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

ഉപക്ഷേപം പിന്താങ്ങപ്പെട്ടു.

ഉപക്ഷേപത്തിൻമേലുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ഉപക്ഷേപാവതാരകൻ, ശ്രീ. ടി. പി. രാമകൃഷ്ണൻ സംസാരിച്ചു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ പ്രതിഷേധം തുടർന്നു.)

ചർച്ച പൂർത്തിയായില്ല.

പ്രതിപക്ഷ ബഹളം തുടരുന്നതിനാൽ 2026 ജനുവരി 23 വെള്ളിയാഴ്ചയിലെ ബിസിനസ് ഒഴിവാക്കാവുന്നതാണെന്ന നിർദ്ദേശം മുഖ്യമന്ത്രി അവതരിപ്പിച്ചു. പ്രസ്തുത നിർദ്ദേശം സഭ അംഗീകരിക്കുകയും ജനുവരി 23-ലെ സമ്മേളനം റദ്ദാക്കുകയും ചെയ്തു.

2026 ജനുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.59- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, January 22, 2026*

**No.195**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Obituary Reference:*

The Speaker made reference on the demise of V. K. Ebrahim Kunju, M. R. Reghuchandrabal, former Ministers; Babu M. Palissery, K. K. Narayanan, P. M. Mathew, former Members of the Legislative Assembly and Thomas Kuthiravattom, former Member of Rajya Sabha. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairpersons :*

The following Members were nominated to the Panel of Chairpersons for the current Session of the Assembly.

1. Smt. Santhakumari K.
2. Smt. O. S. Ambika
3. Smt. Uma Thomas

(The Leader of Opposition informed that they would not cooperate with the proceedings, Then Members belonging to the Opposition parties shouted slogans and tried to disrupt the rest of the proceedings of the house. The Chair proceeded to the next item of Business.)

*Calling Attention:*

(I) Shri C. K. Hareendran called the attention of the Minister for Local Self Government, Excise and Parliamentary Affairs to the necessity to exert pressure on the Central Government against imposing heavy financial burden to the

States following the reform of National Rural Employment Guarantee Scheme by undermining its core content and excluding the name of Mahatma Gandhi.

The Minister made a statement thereto.

(The second Calling Attention in the List of Business was not presented as the Members belonging to the Opposition continued to clamour.)

*Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ഇ. ചന്ദ്രശേഖരൻ | എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നത് സംബന്ധിച്ച് | ധനകാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. കെ. രാമചന്ദ്രൻ | ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി | വൈദ്യുതി വകുപ്പുമന്ത്രി |
| 3. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അധ്യാപക നിയമനം | പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. ടി. എ. റഹീം | മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത -ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned tabled the statements regarding the respective issues.

*Presentation of Reports:*

The Nineteenth Report of the Committee on Private Members' Bills and Resolutions was presented.

*Discussion on the Motion of Thanks to the Governor's Address:*

Shri T. P. Ramakrishnan moved the following motion thanking the Governor for the Address delivered to the Members of the Legislative Assembly on January 20, 2026:

"2026 ജനുവരി 20-ന് ബഹു. ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹു. ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

The motion was seconded.

The amendments to the motion were not moved. Then, The discussion on the Motion of Thanks commenced with Shri T. P. Ramakrishnan.

(The Members belonging to the Opposition continued the protest.)

The discussion was inconclusive.

As the protest of the opposition was proceeding, Chief Minister presented a suggestion that the Business for January 23,2026 might be omitted.The House approved the suggestion and the sitting for January 23 was dropped.

The House adjourned at 9.59 a.m. to meet again at 9.00 a.m. on Tuesday, January 27, 2026.

DR. N. KRISHNA KUMAR,
*Secretary.*